# സി.ഡി.എസ്സ് സന്ദർശന റിപ്പോർട്ട്

**സി.ഡി.എസ്സ് ന്റെ പേര് : വട്ടവട, ദേവികുളം ബ്ലോക്ക്, ഇടുക്കി**

**സന്ദർശന തീയതി : 22.11.2019 & 23.11.2019**

## സി.ഡി.എസ്സ് മീറ്റിംഗ്

സി.ഡി.എസ്സിന്റെ നിലവിലെ വിവിധ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും വില യിരുത്തുകയും ചെയ്തു.

1. കാർഷികവൃത്തിക്ക് പ്രാധാന്യമുള്ള പ്രദേശമായതിനാൽ കൂടുതൽ ജെ.എൽ. ജികൾ തുടങ്ങുന്ന കാര്യം പരിശോധിക്കുക.
2. കാർഷിക മേഖലയ്ക്ക് ഭീഷണിയാകുന്ന ഗ്രാന്റിങ്ങ് മരങ്ങൾ മുറിച്ചുമാറ്റുവാൻ വന–വകുപ്പിനോട് ആവശ്യപ്പെടുക.
3. വന്യമൃഗ ശല്യങ്ങളിൽ നിന്ന് കൃഷിയെ സംരക്ഷിക്കാൻ ഫെൻസിംഗ് സ്ഥാപി ക്കുക.
4. ഒരു ലോൺട്രി യൂണിറ്റ് തുടങ്ങുന്ന കാര്യം പരിശോധിക്കുക.
5. ഗോതമ്പ് പൊടിച്ച് പായ്ക്കറ്റാക്കി നൽകുന്നതിന് ഒരു ഫ്ളവർ മിൽ യൂണിറ്റ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുക.
6. വട്ടവട വെളുത്തുള്ളി ലോകോത്തര നിലവാരം പുലർത്തുന്നതിനാൽ ‘വെളു ത്തുള്ളി അച്ചാർ’ പോലുള്ള വെളുത്തുള്ളി ഉത്പന്നങ്ങളുടെ യൂണിറ്റ് ആരംഭി ക്കുന്ന കാര്യം പരിശോധിക്കുക.

## എം.ഇ യൂണിറ്റ്

സ്ട്രോബെറി കൃഷി ചെയ്ത്, സ്ട്രോബെറി സ്ക്വാഷ്, ജാം എന്നിവ ഉണ്ടാ ക്കുന്ന യൂണിറ്റ് അയൽക്കൂട്ടത്തിലെ ഒരംഗം വളരെ നന്നായി നടത്തുന്നു.

**<u>ആശ്രയ</u>**

3 ആശ്രയ ഗുണഭോക്താക്കളെ സന്ദർശിച്ചു. യഥാസമയം ആശ്രയ കിറ്റ് ലഭ്യമാകുന്നുണ്ടെങ്കിലും ചികിത്സയ്ക്കും മറ്റുമായി കൂടുതൽ സഹായം ആവശ്യമാണ്.

**<u>അയൽക്കൂട്ടം</u>**

ഒരു പൊതു അയൽക്കൂട്ടവും, ഒരു വയോജന അയൽക്കൂട്ടവും സന്ദർശിച്ചു. വയോജന അയൽക്കൂട്ടത്തിന് കൂടുതൽ സാമ്പത്തിക സഹായം ആവശ്യമാണെന്നു കാണുന്നു.

**<u>ജെ.എൽ.ജി</u>**

ബീൻസ്, കാരറ്റ്, ബീറ്റ് റൂട്ട്, ക്യാബേജ്, ചോളം തുടങ്ങി വിവിധ പച്ചക്കറികൾ സമൃദ്ധമായി വളർത്തുന്ന ഒരു ജെ.എൽ.ജി. ജൈവവളം മാത്രമാണ് ഉപയോഗിക്കുന്നത്. ഉഴവു യന്ത്രങ്ങളും സ്പ്രെയറും വാങ്ങാൻ സാമ്പത്തിക സഹായം ആവശ്യമാണ്.

പരസ്പര സഹായ സഹകരണത്തോടെ വളരെ നന്നായി പ്രവർത്തിക്കുന്ന ഒരു സി.ഡി.എസ്സ് ആണ് വട്ടവട. ഓഫീസ് അക്കൗണ്ടുകൾ വളരെ കൃത്യമായി സൂക്ഷിക്കുന്നു.

സ്നേഹിത കോളിംഗ്ബെൽ, പകൽവീട് എന്നിവ ഇല്ലാത്ത സി.ഡി.എസ്സ് എന്നതാണ് വട്ടവട സി.ഡി.എസ്സിന്റെ സവിശേഷതയായി കാണുന്നത്.